Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 5/2024 15 June 2024

**സർക്കുലർ**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ മാർ റാഫേൽ തട്ടിൽ പുറപ്പെടുവിക്കുന്ന സർക്കുലർ.

എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ, നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായുടെ ആശീർവാദവും സമാധാനവും!

നമ്മുടെ സഭയുടെ മെത്രാൻ സിനഡ് തീരുമാനിച്ചതും, പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയതും പരിശുദ്ധ പിതാവ് നടപ്പിലാക്കാൻ ആഹ്വാനം ചെയ്തതുമായ സീറോമലബാർ സഭയുടെ ഏകീകൃത കുർബാനയർപ്പണ രീതി, 2024 ജൂലൈ മൂന്നാം തീയതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രായോഗിക നിർദ്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് നൽകുന്നു.

1. സീറോമലബാർ സഭയുടെ കുർബാനയിലെ അഭിവാജ്യ ഘടകമാണ് ബേമ്മ (വചനവേദി). ബേമ്മയിലെ വചനപീഠത്തിലാണ് (ഗാഗുൽത്താ) വിശുദ്ധ കുർബാനയുടെ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും നടത്തേണ്ടത്. ആയതിനാൽ അതിനുവേണ്ട സജ്ജീകരണങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും, വിശുദ്ധ കുർബാനയർപ്പിക്കുന്ന മറ്റു സ്ഥലങ്ങളിലെ ഉത്തരവാദിത്തപ്പെട്ടവരും ശ്രദ്ധിക്കേണ്ടതാണ്.

2. പരമ്പരാഗതമായി ഹൈക്കലായുടെ മധ്യത്തിലാണ് ബേമ്മ (വചനവേദി) സ്ഥാപിക്കേണ്ടത്. എന്നാൽ, കെസ്ത്രോമയോട് ചേർന്നോ, കെസ്ത്രോമയിലോ വചനപീഠം (ഗാഗുൽത്ത) സജ്ജീകരിക്കാവുന്നതാണ്. വചനപീഠത്തിൽ വിശുദ്ധ സ്ലീവായും ഇരുവശങ്ങളിൽ തിരികളും നിർബന്ധമായും ഉണ്ടായിരിക്കണം. ബേമ്മയിൽ, വചനപീഠത്തിന്റെ ഇരുവശങ്ങളിൽ പഴയനിയമ-ലേഖന വായനകൾക്കുള്ള പീഠങ്ങളും സജ്ജീകരിച്ചിരിക്കണം.

3. വിശുദ്ധ കുർബാനയുടെ ആരംഭിക്കേണ്ടത് തക്സായിൽ നൽകിയിരിക്കുന്നതുപോലെ പ്രാരംഭ പ്രദക്ഷിണത്തോടെയാണ്. ശേഷം 'അന്നാപ്പെസഹാ' എന്ന ഗീതത്തോടെ വിശുദ്ധ കുർബാന തുടരുന്നു. ത്രിത്വസ്തുതി ഉപയോഗിക്കേണ്ടതില്ല.

4. നമ്മുടെ സഭയുടെ പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ചും സീറോമലബാർ സഭയുടെ തക്സായിലെ നിർദ്ദേശങ്ങൾ അനുസരിച്ചും, തക്സായിൽ നിർദ്ദേശിച്ചിരുക്കുന്ന സമയങ്ങളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും മദ്ബഹാ വിരി ഉപയോഗിക്കേണ്ടതാണ്.

5. സീറോമലബാർ സഭയ്ക്കു വേണ്ടി റോമായിൽ നിന്നും നൽകിയിട്ടുള്ള ഓർദോയിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെയുള്ള തിരുവസ്ത്രങ്ങൾ വേണം ആരാധനക്രമ ശുശ്രൂഷകളിൽ ധരിക്കേണ്ടത്. അതിന് വിപരീതമായ തിരുവസ്ത്രങ്ങൾ തീർത്തും ഉപേക്ഷിക്കേണ്ടതാണ്.

6. സീറോമലബാർ തക്സായിൽ ഉൾച്ചേർത്തിരിക്കുന്ന പ്രാർത്ഥനകൾക്കും ഗീതങ്ങൾക്കും പുറമെ മറ്റ് പ്രാർത്ഥനകളോ സ്വയംപ്രേരിത പ്രാർത്ഥനകളോ ഗീതങ്ങളോ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാൻ അനുവാദമില്ല. തക്സായിലെ പ്രാർത്ഥനകളും ഗീതങ്ങളും ഒഴിവാക്കാനും അനുവാദമില്ല.

7. വിശുദ്ധ കുർബാനയിലെ വിശ്വാസപ്രമാണം പരമ്പരാഗതമായി നൽകിയിട്ടുള്ള രീതി പുലർത്തുന്നതാണ് അഭികാമ്യം. 'ഫിലിയോക്' - അതായത് പിതാവിൽ നിന്നും - പുത്രനിൽ നിന്നും- എന്ന് ചൊല്ലേണ്ടതില്ല. 'പിതാവിൽ നിന്ന് പുറപ്പെടുന്ന' എന്നാണ് ചൊല്ലേണ്ടത്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

8. നമ്മുടെ കുർബാനക്രമത്തിൽ മൂന്ന് അനഫൊറകളാണ് നൽകിയിട്ടുള്ളത്. അവ, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കാലങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.

9. അനാഫൊറയുടെ ഭാഗമായി വരുന്ന മാധ്യസ്ഥപ്രാർത്ഥന പ്രത്യുത്തരത്തോടുകൂടിയ രീതി ഉപേക്ഷിക്കേണ്ടതാണ്. കൂടാതെ, കൂട്ടിച്ചേർത്തുള്ള അപേക്ഷകളും പ്രാർത്ഥനാഭ്യർത്ഥനകളും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

10. കുർബാനസ്വീകരണം കഴിഞ്ഞുവരുന്ന കൃതജ്ഞതാ പ്രാർത്ഥനകളും ഹൂത്താമ്മയും മദ്ബഹായുടെ കവാടത്തിൽ വച്ച് അല്പം ഇടതുവശത്തേയ്ക്ക് (മദ്ബഹായിലേക്ക് നോക്കിനിൽക്കുന്ന ആരാധനാ സമൂഹത്തിന്റെ ഇടതുവശം) നിന്ന് നടത്തേണ്ടതാണ്.

11. ഹൂത്താമ്മയ്ക്ക് ശേഷം വരുന്ന വിടവാങ്ങൽ പ്രാർത്ഥന കാർമ്മികൻ മാത്രമാണ് രഹസ്യമായി ചൊല്ലേണ്ടത്. ദൈവജനം ഏറ്റുചൊല്ലുന്ന രീതി പ്രോത്സാഹിപ്പിക്കാതിരിക്കുക.

മേൽ പറഞ്ഞ കാര്യങ്ങളെല്ലാം സൂക്ഷ്മമായി മനസ്സിലാക്കിയും പഠിച്ചും സഭയോടൊപ്പം, ആഗതമാകുന്ന നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിൽ ഒരുമയിലും ഐക്യത്തിലും നമ്മുടെ കർത്താവീശോമിശിഹാ കനിഞ്ഞു നല്കിയ ഈ മഹാദാനം ഏറ്റവും ഒരുക്കത്തോടും വിശുദ്ധിയോടും ഏകമനസ്സോടെ ആഘോഷിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സഹവാസവും നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

+ **മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

ഈ സർക്കുലർ 2024 ജൂൺ 23 ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.